LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഡീസൽ നിലയം സാമ്പത്തികമായി വയബിൾ ആണ് എന്ന രീതിയിൽ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയതാരാണ്;

(ബി) കോഴിക്കോട് ഡീസൽ നിലയത്തിന്റെ സാമ്പത്തികനില മാത്രമാണോ ഈ റിപ്പോർട്ടിൽ അടിസ്ഥാനമാക്കിയിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(സി) കെ.എസ്.ഇ.ബി.യുടെ കീഴിലുള്ള എല്ലാ വൈദ്യുതി നിലയങ്ങളുടെയും ഉൽപ്പാദനച്ചെലവും വരവും കണക്കിലുൾപ്പെടുത്തി കോഴിക്കോട് ഡീസൽ നിലയം സാമ്പത്തികമായി വയബിൾ ആണെന്ന രീതിയിൽ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ എന്തടിസ്ഥാനത്തിൽ ആണെന്ന് വിശദീകരിക്കുമോ;

(ഡി) ഈ നിലയത്തിന്റെ കാര്യത്തിൽ അധികൃതരെ ബോദ്ധ്യപ്പെടുത്തുവാൻവേണ്ടി ഇതിന്റെ പ്രോജക്ട് റിപ്പോർട്ടിൽ വ്യാജമായി കണക്കുകൾ ഉദ്ധരിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ ഇപ്രകാരം ചെയ്ത ബോർഡ് ഉദ്യോഗസ്ഥന്റെ മേൽ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രീമിയർ എനർജി ടെക്നോളജീസ്, ഡെൽഹി.

(ബി) അതെ.

(സി) ഇല്ല.

(ഡി)&(ഇ) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

118 (262) കോഴിക്കോട് ഡീസൽ നിലയത്തിനുവേണ്ടിയുള്ള വായ്പ

ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. പി.ജെ. ജോയി :
ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഡീസൽ നിലയത്തിനുവേണ്ടി കെ.എസ്.ഇ.ബി.യ്ക്ക് ഏതൊക്കെ ധനകാര്യ സ്ഥാപനങ്ങളാണ് വായ്പ നൽകുന്നത്;

(ബി) ഓരോ സ്ഥാപനവും നൽകാമെന്ന് ഏറ്റിട്ടുള്ള വായ്പ തുക എത്രവീതമാണ്;

(സി) ഈ തുക തിരിച്ചടയ്ക്കേണ്ട രീതി വിശദീകരിക്കുമോ; പലിശയുൾപ്പെടെ ഈയിനത്തിൽ മൊത്തം തിരിച്ചടയ്ക്കേണ്ട തുക എത്രയാണ്;

(ഡി) ഈ വായ്പ തിരിച്ചടയ്ക്കുന്ന വ്യവസ്ഥ സംബന്ധിച്ച കാര്യങ്ങളിൽ ഈ ധനകാര്യ സ്ഥാപനങ്ങൾക്ക് ബോർഡിന്റെ ബാങ്കുകളിലെത്തുന്ന റവന്യൂ വരുമാനത്തിൽനിന്നും വേണ്ടിവന്നാൽ പണം എടുക്കാൻ അധികാരം നൽകുന്നുണ്ടോ;

(ഇ) ഇതുസംബന്ധിച്ച് ചീഫ് ഇന്റേണൽ ഓഡിറ്ററുടെ ശുപാർശയിലെ വിശദാംശങ്ങൾ എന്തെല്ലാമാണ്;

(എഫ്) ഇതിനുമുമ്പ് ഇത്തരത്തിൽ പദ്ധതികൾക്ക് വായ്പ നൽകിയ സ്ഥാപനങ്ങൾക്ക് ഇങ്ങനെ ഒരധികാരം നൽകിയിട്ടുണ്ടോ; എങ്കിൽ ആരെല്ലാം നൽകിയ ഏതൊക്കെ വായ്പയുടെ കാര്യത്തിലെന്ന് വിശദീകരിക്കുമോ;

(ജി) വായ്പ മടക്കി നൽകുന്ന കാര്യത്തിൽ ഇതിനുമുമ്പ് ഇത്തരം വ്യവസ്ഥ ചേർത്തത് ആരുടെ ഉപദേശപ്രകാരമാണ്;

(എച്ച്) ഇപ്രകാരം വായ്പ നൽകുന്നവരെ പരിധി വിട്ട് സഹായിക്കുന്ന ഉദ്യോഗസ്ഥനിൽനിന്നും ഇതിനുള്ള കാരണങ്ങളെപ്പറ്റി വിശദീകരണം വാങ്ങി മേശപ്പുറത്ത് വയ്ക്കുമോ?

ഉത്തരം

(എ)&(ബി) കോഴിക്കോട് ഡീസൽ നിലയത്തിനുവേണ്ടി ബോർഡിന് എൽ.ഐ.സി.യിൽ നിന്ന് 38-ാമത് വായ്പയായി 30 കോടി രൂപയും 39-ാമത് വായ്പയായി 25 കോടി രൂപയും ലഭിച്ചിട്ടുണ്ട്.

(സി) പലിശ അർദ്ധവാർഷികമായും മുതൽ വാർഷികമായുമാണ് എൽ.ഐ.സി.യ്ക്കു നൽകേണ്ടത്. പലിശയുൾപ്പെടെ ഈയിനത്തിൽ തിരിച്ചടക്കേണ്ട മൊത്തം തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

38-ാമത് വായ്പ 64.82 കോടി രൂപ

39-ാമത് വായ്പ 54.13 കോടി രൂപ

(ഡി) അധികാരം നൽകുന്നില്ല.

(ഇ) എൽ.ഐ.സി. വായ്പയെക്കുറിച്ച് ചർച്ച ഇന്റേണൽ ആഡിറ്റർ ശുപാർശ നൽകിയിട്ടില്ല.

(എഫ്)&(ജി) ഇതിനുമുമ്പ് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പ എടുത്തപ്പോൾ പലിശയും മുതലും നൽകുന്നതിന് ബാങ്കുകളിൽ എത്തുന്ന റവന്യൂ വരുമാനത്തിൽ നിന്ന് നേരിട്ട് പണം എടുക്കാൻ അധികാരം നൽകിയിട്ടില്ല. 95-96 സാമ്പത്തികവർഷത്തിൽ ബോർഡിന്റെ പദ്ധതി പ്രവർത്തനങ്ങൾക്കുള്ള വിഭവസമാഹരണത്തിന്റെ ഭാഗമായി 180 കോടി രൂപയുടെ നോൺ എസ്.എൽ.ആർ. ബോണ്ടുകൾ പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ബോണ്ടുകളിൽമേൽ നൽകാനുള്ള പലിശയും ബോണ്ടിന്റെ തുകയും തിരിച്ച് നൽകുന്നത് ഉറപ്പുവരുത്തുന്നതിലേയ്ക്കായി 6-5-1996-ന് കേരള സർക്കാരും വൈദ്യുതി ബോർഡും ബോർഡിന്റെ ട്രസ്റ്റികളായ ഐ.സി.ഐ.സി.ഐ.യും ചേർന്ന് ഒപ്പുവച്ച ത്രികക്ഷി ഉടമ്പടി പ്രകാരം ബോർഡിന്റെ ചില പ്രത്യേക ഉപഭോക്താക്കളിൽനിന്നും ലഭ്യമാകുന്ന വൈദ്യുതി ചാർജ്ജ് എസ്.ബി.ടി.യിൽ ഒരു പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനും ബോർഡ് വീഴ്ചവരുത്തുകയാണെങ്കിൽ ആ നിക്ഷേപത്തിൽ നിന്ന് നിക്ഷേപകർക്ക് കാലാകാലങ്ങളിൽ പലിശ നൽകുന്നതിനും മുതൽ മടക്കിക്കൊടുക്കുന്നതിനും ആവശ്യമായ അധികാരം ട്രസ്റ്റി ആയ ഐ.സി.ഐ.സി.ഐ.യ്ക്കു ഏൽപ്പിച്ചു കൊടുക്കുകയുണ്ടായി.

ബോണ്ടിനത്തിൽ ഫണ്ട് സ്വരൂപിക്കുന്നതിന് ഉപദേശകരായി വർത്തിച്ച എസ്.ബി.ടി. ക്യാപ്പിറ്റൽ മാർക്കറ്റിന്റേയും ബോണ്ടിനുവേണ്ടി ക്രഡിറ്റ് റേറ്റിംഗ്

LIBRARY ARCHIVES Kerala Legislative Assembly

സർട്ടിഫിക്കറ്റ് നൽകിയ ക്രെസിൽ എന്ന സ്ഥാപനത്തിന്റേയും ഉപദേശപ്രകാര മാണ് മുകളിൽ സൂചിപ്പിച്ച രീതിയിൽ വ്യവസ്ഥയുണ്ടാക്കിയത്.

(എച്ച്) വായ്പ നൽകുന്നവരെ പരിധിവിട്ട് ഒരു ഉദ്യോഗസ്ഥനും സഹായിച്ചിട്ടില്ല.

119 (263) ഡീസൽ വാങ്ങിയതിലെ ക്രമക്കേടുകൾ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്രഹ്മപുരം വൈദ്യുതി നിലയത്തിലേയ്ക്കാവശ്യമായ ഡീസൽ വാങ്ങിയതിലും ഉപയോഗിച്ചതിലും ക്രമക്കേടുണ്ടെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) വൈദ്യുതി നിലയത്തിലെ രേഖകളിൽ ഡീസലിന്റെ അളവ് ഏതു യൂണിറ്റിലാണ് രേഖപ്പെടുത്താറുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ആഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ ഡീസലിന്റെ അളവിൽ ക്രമക്കേടുണ്ടെന്ന വിവരം ആഡിറ്റ് എൻക്വയറി മുഖേന അധികൃതരെ അറിയിച്ചിരുന്നോ; എങ്കിൽ അതെന്നായിരുന്നു എന്ന് വ്യക്തമാക്കാമോ;

(ഇ) ആഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയത് എന്നാണെന്ന് വെളിപ്പെടുത്താമോ;

(എഫ്) ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ വൈദ്യുതി നിലയത്തിന് നൽകുന്ന ഡീസലിനുള്ള ഇൻവോയ്സിൽ അളവ് രേഖപ്പെടുത്താതെ വില മാത്രമാണോ രേഖപ്പെടുത്താറുള്ളത് എന്ന് വിശദമാക്കാമോ;

(ജി) എങ്കിൽ ഇൻവോയിസിന്റെ ഒരു കോപ്പി ലഭ്യമാക്കാമോ?

ഉത്തരം

(എ)&(ബി) ഡീസൽ വാങ്ങിയതിലും ഉപയോഗിച്ചതിലും ക്രമക്കേട് നടന്നതായ ഒരു പത്രവാർത്തയുണ്ടായിരുന്നു. എന്നാൽ നിജസ്ഥിതി പരിശോധിച്ചതിൽ ആരോപണം ശരിയായിരുന്നില്ല എന്ന് അറിയാൻ കഴിഞ്ഞു. ആഡിറ്റർക്ക് പറ്റിയ ഒരു തെറ്റുമൂലമാണ് ഇപ്രകാരമൊരു വാർത്ത വരാൻ കാരണമായത്.

(സി) വൈദ്യുതി നിലയത്തിലെ രേഖകളിൽ ഡീസലിന്റെ അളവ് കിലോ ലിറ്ററിൽ ആണ് രേഖപ്പെടുത്താറുള്ളത്.

(ഡി) അറിയിച്ചിരുന്നു. 1998 ഡിസംബറിൽ.

(ഇ) 1999 ഏപ്രിലിൽ.

LIBRARY ARCHIVES Kerala Legislative Assembly